*വളരെ അടിയന്തിരം*

"ഭരണഭാഷ-മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്
(കേരള സംസ്ഥാനം)

നമ്പർ: ജി1/784/2015

ചാക്ക, തിരുവനന്തപുരം
തീയതി: 08.07.2015.

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ജൂലൈ 2015 (സെമസ്റ്റർ സ്കീം) - 2014 ആഗസ്റ്റിൽ അഡ്മിഷനായതും ഒന്നാം സെമസ്റ്റർ (സപ്ലിമെന്ററി), രണ്ടാം സെമസ്റ്റർ (റഗുലർ) പരീക്ഷ എഴുതുന്നതിന് എം.ഐ.എസ് പോർട്ടൽ മുഖേന പ്രിന്റ് എടുത്ത ഹാൾടിക്കറ്റുകളിൽ മേൽ നടപടികൾ സ്വീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന:- ജി1/784/15(1), (2) നമ്പരായുള്ള 28.05.2015-ലെ വിജ്ഞാപനങ്ങൾ

*********

ആഗസ്റ്റ് 2014-ൽ അഡ്മിഷനായതും ജൂലൈ 2015-ൽ നടക്കുന്ന അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിൽ ഒന്നാം സെമസ്റ്റർ (സപ്ലിമെന്റി), രണ്ടാം സെമസ്റ്റർ (റഗുലർ) ആയി പരീക്ഷ എഴുതുന്നതിന് അപേക്ഷ സമർപ്പക്കുന്നതിന് സൂചന പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. അപേക്ഷകൾ 'മാനുവൽ' ആയി തയ്യാറാക്കി സമർപ്പിക്കുവാനും എം.ഐ.എസ് സെക്ഷനിൽ നിന്നും ട്രെയിനികളുടെ വിവരങ്ങൾ എം.ഐ.എസ് പോർട്ടലിൽ രേഖപ്പെടുത്താൻ നിർദ്ദേശിക്കുന്ന മുറയ്ക്ക് ആയത് രേഖപ്പെടുത്തുവാനും ഹാൾ ടിക്കറ്റ് പ്രിന്റ് എടുക്കുവാനും നിർദ്ദേശം നൽകിയിരുന്നു. ഇത്തരത്തിൽ അതാത് സ്ഥാപന മേധാവികൾ പ്രിന്റ് എടുക്കുന്ന ഹാൾ ടിക്കറ്റുകൾ വിജ്ഞാപനത്തിൽ സൂചിപ്പിച്ചിരുന്ന അനുബന്ധം-1 മാതൃകയോടൊപ്പം നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്ക് മുമ്പാകെ ഹാജരാക്കേണ്ടതാണ്.

നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾ ബന്ധപ്പെട്ട സ്ഥാപന മേധാവികൾ സമർപ്പിക്കുന്ന അപേക്ഷകൾ ബന്ധപ്പെട്ട രേഖകൾ സഹിതം പരിശോധിച്ച് കൈപ്പറ്റുവാൻ പ്രസ്തുത വിജ്ഞാപനത്തിൽ നിർദ്ദേശം നൽകിയിരുന്നു. ഇത്തരത്തിൽ ടി സ്ഥാപന മേധാവികൾ സമർപ്പിക്കുന്ന ഹാൾ ടിക്കറ്റുകൾ അനുബന്ധം -1 മായും മറ്റ് രേഖകളും ഉപയോഗിച്ച് പരിശോധിച്ച് ഹാൾ ടിക്കറ്റുകളിൽ നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാർ ഒപ്പും ഔദ്യോഗിക സീലും പതിച്ച് അതാത് സ്ഥാപനങ്ങൾക്ക് വിതരണം നടത്തേണ്ടതാണ്. ഹാൾ ടിക്കറ്റ് വിതരണം ചെയ്യുന്ന ട്രെയിനിക്ക് 80% ഹാജർ നേടിയിട്ടുണ്ടോ എന്ന് ഉറപ്പാക്കേണ്ടതുമാണ്. ആയതിൽ വീഴ്ച വരുത്താൻ പാടുള്ളതല്ല. കൂടാതെ

ഹാൾടിക്കറ്റിലെ ട്രെയിനി അഡ്മിഷൻ ക്ലോസിംഗ് ചെയ്ത ലിസ്റ്റിലെ ട്രെയിനിയാണോ എന്ന് പരിശോധിച്ച് ഉറപ്പാക്കേണ്ടതുമാണ്.

നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാർ സീൽ പതിപ്പിച്ച ഹാൾടിക്കറ്റുമായി വരുന്ന ട്രെയിനികളെ മാത്രമേ പരീക്ഷ എഴുതാൻ അനുവദിക്കുകയുള്ളൂ.

പരിശോധനയിൽ ഹാൾടിക്കറ്റിലെ ട്രെയിനി അഡ്മിഷൻ ക്ലോസ് ചെയ്ത ലിസ്റ്റിലോ മാനുവലായി അപേക്ഷ സമർപ്പിച്ച ട്രെയിനിയല്ലായെങ്കിൽ ടി ട്രെയിനിയുടെ ഹാൾ ടിക്കറ്റ് നോഡൽ ഐ.ടി.ഐയിൽ തന്നെ സൂക്ഷിക്കേണ്ടതാണ്. 20.07.2015-ന് പരീക്ഷകൾ ആരംഭിക്കും എന്നുള്ളതിനാൽ ടി നടപടി ക്രമങ്ങൾ സമയബന്ധിതമായി തന്നെ പാലിക്കേണ്ടതും ട്രെയിനികൾക്ക് ഹാൾ ടിക്കറ്റ് വിതരണം നടത്തേണ്ടതുമാണ്.

അഡ്മിഷൻ ക്ലോസ് ചെയ്യാത്തതോ അപേക്ഷ മാനുവൽ ആയി സമർപ്പിക്കാത്തതോ ആയ ട്രെയിനി പരീക്ഷ എഴുതുവാൻ ഇടയായാൽ ബന്ധപ്പെട്ട നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാളിനും ട്രെയിനി പഠിക്കുന്ന സ്ഥാപനത്തിന്റെ മേധാവിയും മാത്രമായിരിക്കും പൂർണ്ണ ഉത്തരവാദിത്തം എന്ന് പ്രത്യേകം ഓർമപ്പെടുത്തുന്നു.

ട്രെയിനിംഗ് ഡയറക്ടർക്കുവേണ്ടി

എല്ലാ സർക്കാർ/സ്വകാര്യ/എസ്.സി.ഡി.സി/എസ്.റ്റി.ഡി.സി സ്ഥാപന മേധാവികൾക്കും

പകർപ്പ്:-

വകുപ്പ് വെബ് സൈറ്റിലേയ്ക്ക്

An 9/7/15